നം.കെ.എസ്.എ-കെ.ടി.എം.പി4/1937/2016 തീയതി: 29.12.2016

# കോട്ടയം ജില്ലയിലെ മാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ

# 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക വർഷത്തെ 2015-16 ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.16 മുതൽ 30.11.16 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചു. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി സിനി എം.വി., ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.04.2016- 21.04.2016 |
| ഉദ്യോഗസ്ഥർ | ശ്രീ.എം.എൻ.രാധാകൃഷ്ണൻ, ഓഡിറ്റ് ഓഫീസർ<br>ശ്രീമതി ഇന്ദുലേഖ എ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി അമ്പിളി യു., ഓഡിറ്റർ<br>ശ്രീമതി ഷീല വി.ആർ., ഓഡിറ്റർ |

ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി മേരി ജോസ് | 1.04.15-31.10.15 |
| | ശ്രീ.കെ.സി.മാത്യു | 12.11.15-31.03.16 |
| സെക്രട്ടറി | ശ്രീ.ബി.സാബു | 1.04.15-31.03.16 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി സി.ശ്യാമളാദേവി<br>ശ്രീ.ബിജു എം.മാത്യൂസ് | 01.04.15 - 22.07.15<br>23.07.15 -31.03.16 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.സാനിഷ് കെ.ബി. | 01.04.15 - 31.03.16 |
| വെറ്ററിനറി സർജൻ | ഡോ.ജോജി മാത്യു | 01.04.15--31.03.16 |
| കൃഷി ഓഫീസർ | ശ്രീമതി ജാൻസി കെ.കോശി | 01.04.15-31.03.16 |
| വി.ഇ.ഒ | ശ്രീ.ബിജുമോൻ കെ.വി.<br>ശ്രീമതി അനുപമ എ.റ്റി. | 01.04.15--31.03.16<br>01.04.15--31.03.16 |

| | | |
|---|---|---|
| | | |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി സുലോചന | 01.04.15--31.03.16 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.ലിജി പി.എൽ.<br>ഡോ.ബിനാഷ ശ്രീധർ<br>ഡോ.ലിജി പി.എൽ.<br>ഡോ.ബിയാമോൾ ബേബി | 01.04.15-3.06.15<br>4.06.15-16.08.15<br>17.08.15-11.09.15<br>11.09.15-31.03.16 |
| മെഡിക്കൽഓഫീസർ, ഹോമിയോ | ഡോ.ജോഷി തോമസ് | 01.04.15--31.03.16 |
| മെഡിക്കൽഓഫീസർ, ആയുർവേദം | ഡോ.ജറോം വി.കുര്യൻ | 01.04.15--31.03.16 |
| ഹെഡ്മിസ്ട്രസ് | ശ്രീമതി സിബി ഏലിയാസ് | 01.04.15--31.03.16 |

റിപ്പോർട്ടിന്റെ ഉള്ളടക്കം


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| | ഭാഗം 1 പൊതു അവലോകനം |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തനതുവരുമാനം |
| 1-8 | ക്ഷേമപദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| | ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 2-1 | വാർഷിക കണക്കുകളുടെ അവലോകനം |
| 2-2-1 | മൊബൈൽ ടവറുകളുടെ വസ്തുനികുതി-നികുതി പുന:നിർണ്ണയം നടത്തിയതിന് ശേഷം നാളിതുവരെ ഈടാക്കിയിട്ടില്ല |
| 2-2-2 | വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിലെ വിവിധ മുറികൾക്ക് വിവിധ നമ്പറുകൾ നൽകി വസ്തുനികുതി നിർണ്ണയിച്ചത് മൂലം നികുതിയിനത്തിൽ നഷ്ടം |
| 2-3-1 | ജീവനക്കാരുടെ തൊഴിൽനികുതി |
| 2-3-2 | സ്ഥാപന തൊഴിൽനികുതി |
| 2-3-3 | ഡി & ഒ ലൈസൻസ്, തൊഴിൽനികുതി, സ്ഥാപന തൊഴിൽനികുതി എന്നിവ ഡിമാന്റ് ചെയ്യുന്നില്ല |

| | |
|---|---|
| 2-4 | ഡി & ഒ ലൈസൻസ് ഫീസ് അടവാക്കിയിട്ടില്ല |
| 2-5 | വനിതാ കാന്റീൻ-വാടക കുടിശ്ശിക കരാർ ലംഘനത്തിനെതിരെ നടപടി സ്വീകരിച്ചില്ല |
| 2-6 | മണൽലേലം – തുടർനടപടികൾ പൂർത്തിയാകാത്തതിനാൽ പഞ്ചായത്തിനുണ്ടാകുന്ന വരവ് നഷ്ടം സംബന്ധിച്ച് |
| 2-7 | ഓഡിറ്റ്-തുടർ നടപടി സ്വീകരിച്ചത് |
| | ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 3-1 | കോടതി വ്യവഹാരങ്ങളുടെ തുടർ നടത്തിപ്പ് നിരീക്ഷിക്കാൻ സംവിധാനമില്ല |
| 3-2 | പി.എച്ച്.സി.മരുന്ന് വാങ്ങൽ – മുഴുവൻ തുകയ്ക്കുള്ള മരുന്നും ലഭ്യമല്ല |
| 3-3 | തെരുവ് വിളക്ക് സ്ഥാപിക്കൽ വിശദാംശങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച് |
| 3-4 | അതുല്യം – രണ്ടാം ഘട്ടം (സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പരിപാടി 2015-16) പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമല്ല |
| 3-5 | ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കിയ ടാറിംഗ് പ്രവൃത്തികൾ – കോൺട്രാക്ടർമാർ ടാർ സപ്ലൈ ചെയ്തു, കാലി വീപ്പയുടെ വില ഈടാക്കിയില്ല – വൻതുക പഞ്ചായത്തിന് നഷ്ടം |
| 3-6 | നിർമ്മാണ പ്രവൃത്തികൾ സമഗ്രമായി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല |
| 3-7 | ഗ്രാമസഭകളുടെ സംഘാടനം |
| 3-8 | ആശ്രയ പദ്ധതി – നാളിതുവരെ പുരോഗതി കൈവരിച്ചിട്ടില്ല |
| 3-9 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി |
| | ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 4-1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിയ്ക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2015-16 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് 2015-16 |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ 2015-16 |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് 2015-16 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 28.03.2015 തീയതിയിലെ I നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകൾ ചുവടെ ചേർക്കും പ്രകാരമാണ്.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | | ശതമാനം (+) / (-) |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | |
| മുന്നിരിപ്പ് | 42,25,970 | 1,84,79,877 | | 1,42,53,907 | 77.13 |
| വരവ് | 11,29,07,800 | 5,32,24,296 | 5,96,83,504 | | 52.86 |
| ആകെ | 11,71,33,770 | 7,17,04,173 | 4,54,29,597 | | 38.78 |
| ചെലവ് | 11,12,40,800 | 6,87,31,003 | 4,25,09,797 | | 38.21 |
| നീക്കിയിരിപ്പ് | 58,92,970 | 29,73,170 | 29,19,800 | | 49.55 |

## 1-2 വാർഷിക ധനകാര്യപത്രിക

2015-16

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2016 | 1.07.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 13.12.16 | ഓഡിറ്റ് സർട്ടിഫിക്കറ്റ് റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട് |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,84,79,877 |
| വരവ് | 5,32,24,296 |
| ആകെ | 7,17,04,173 |
| ചെലവ് | 6,87,31,003 |

| | |
|---|---|
| നീക്കിയിരിപ്പ് | 29,73,170 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | *4753886 +7572943 (ട്രാൻസ്ഫർ ക്രെഡിറ്റ്) | 464884 | 12791713 | 12791713 | | 0 |
| വികസനഫണ്ട് എസ്.സി.പി. | 184878 | 3145672 | 3330550 | 3330550 | - | 0 |
| വികസനഫണ്ട് ടി.എസ്.പി. | 124923 | 101300 | 226223 | 101300 | 124923 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 77516 | 17478744 | 17556260 | 17556260 | -- | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 107505 | 2495843 | 2603348 | 2603348 | -- | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3736780 | 8712832 | 12449612 | 8040592 | 4409020 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 3039000 | 3030436 | 6069436 | 3030436 | 3039000 | 0 |

*151+18919( Block share+distrct pt.share)

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 253 | 87645107 | 205 | 54603089 | 48 | -- | 81 |

കോട്ടയം ജില്ലാ ആസൂത്രണ സമിതിയുടെ ഉത്തരവ് നം.-30/15/ഡി.പി.സി/ഡി.പി.ഒ/കെ.റ്റി.എം.തീ11.06.15 നടപടിക്രമങ്ങൾ പ്രകാരം അംഗീകരിച്ച്, പൊതുവിഭാഗത്തിൽ -235- പ്രോജക്ടുകളും പട്ടികജാതി വിഭാഗത്തിലെ 14 പ്രോജക്ടുകളും പട്ടികവർഗ്ഗ വിഭാഗത്തിലെ 4 പ്രോജക്ടുകളും ഉൾപ്പെടെ ആകെ 253 പ്രോജക്ടുകൾ ആവിഷ്കരിച്ചതിൽ 205 പ്രോജക്ടുകൾ തൻവർഷം നടപ്പാക്കുകയുണ്ടായി.

പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 12 വർക്കിംഗ് ഗ്രൂപ്പുകൾ 6.1.2015 മുതൽ 8.1.2015ൽ യോഗം ചേർന്ന് കരട് പ്രോജക്ട് നിർദ്ദേശങ്ങൾ രൂപീകരിച്ചിരുന്നു. 7.01.2015 മുതൽ 24.01.2015 18 വാർഡുകളിലും പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ഗ്രാമസഭകൾ കൂടുകയുണ്ടായി. 24.02.15ൽ വികസന സെമിനാർ കൂടി കരട് വാർഷിക പദ്ധതി ചർച്ച ചെയ്തു. 19.1.2016ൽ വൃദ്ധർ, വികലാംഗർ, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ എന്നിവർക്കായുള്ള പ്രോജക്ടുകൾ തീരുമാനിക്കുന്നതിനായുള്ള പ്രത്യേക ഗ്രാമസഭയും 24.03.15 ഊരുകൂട്ടയോഗവും കൂടുകയുണ്ടായി. 22.05.15 ലെ രണ്ടാം നമ്പർ തീരുമാനപ്രകാരം വാർഷിക പദ്ധതിയ്ക്ക് ഭരണാനുമതി നല്കി.

നേട്ടങ്ങൾ

പ്രോജക്ടുകൾക്കായി മൊത്തം വകയിരുത്തിയ തുകയിൽ 81% ചെലവഴിയ്ക്കാൻ കഴിഞ്ഞു. ഉൽപ്പാദനമേഖലയിൽ സമഗ്രവിളപരിപാലനം, നെൽകൃഷി വികസനം, കാർഷികമേഖലയിലെ യന്ത്രവൽക്കരണം, ക്ഷീരവികസനം, മൃഗാശുപത്രിയ്ക്ക് മരുന്നുവാങ്ങൽ, തുടങ്ങിയപ്രോജക്ടുകൾ വിജയകരമായി നടപ്പാക്കാൻ കഴിഞ്ഞു. സേവനമേഖലയിൽ പാലിയേറ്റീവ് കെയർ, ഹോമിയോ-ആയുർവേദ ആശുപത്രികൾക്ക് മരുന്നുവാങ്ങൽ, വീട് ഗുണമേന്മ വർദ്ധനവ്, ആശ്രയപദ്ധതിയ്ക്ക് തുക നൽകൽ, ശാരീരികമാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്, അംഗൻവാടികളുടെ അറ്റകുറ്റപ്പണി, മൃഗാശുപത്രി സബ്സെന്റർ മെയിന്റനൻസ്, എസ്.എസ്.എ.യ്ക്ക് വിഹിതം നൽകൽ പട്ടികവർഗ്ഗക്കാരുടെ സമഗ്രവികസനം തുടങ്ങിയ പ്രോജക്ടുകൾ നടപ്പിലാക്കി.

കോട്ടങ്ങൾ

- ശാരീരികമാനസികവെല്ലുവിളി നേരിടുന്നവർക്കായി വ്യത്യസ്തമായ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിരുന്നില്ല.
- എല്ലാ മേഖലകളിലും വൈവിദ്ധ്യമായ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിൽ പരാജയപ്പെട്ടു.

.എല്ലാ അങ്കണവാടികൾക്കും സ്വന്തം കെട്ടിടവും വൈദ്യുതീകരണവും സാധ്യമായിട്ടില്ല.

കൂടാതെ വിവിധ ആവശ്യങ്ങൾക്ക് സ്ഥലം വാങ്ങൽ, ആധുനിക അറവുശാല നിർമ്മാണം, മാലിന്യസംസ്കരണം, പ്ലാസ്റ്റിക് നിർമ്മാർജ്ജനം എന്നീ പ്രോജക്ടുകൾ നടപ്പാക്കിയില്ല.

## 1-7 തനത് വരുമാനം

2014-15 വർഷത്തേക്കാൾ സ്ഥാപനത്തിന് -2015-16-സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം ശതമാനം 3.82% കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 60,52,611 | 59,07,280 | -1,45,331 | -2.4 |
| നികുതിയേതര വരവുകൾ | 13,37,492 | 91,32,097 | +4,79,465 | 35.8 |
| മറ്റുവരവുകൾ | 82,69,091 | 20,788 | -82,48,303 | -52.67 |
| ആകെ | 1,56,59,194 | 1,50,60,165 | -5,99,029 | -3.82 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 51,360 | 62 |
| കർഷകതൊഴിലാളി പെൻഷൻ | 28,14,900 | 11 |
| വിധവാപെൻഷൻ | 74,38,800 | 58 |
| വാർദ്ധക്യകാലപെൻഷൻ | 1,55,09,940 | 251 |
| വികലാംഗപെൻഷൻ | 32,15,595 | 12 |
| 50 വയസ്സിന് മേലുള്ള അവിവാഹിതർക്കുള്ള ധനസഹായം | 6,05,800 | 12 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.12.2016 തീയതിയിൽ 03.15 P.M ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി 55360 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഓഫീസ് ഉത്തരവുകൾ മുഖാന്തിരം വിവിധ സെക്ഷനുകളിലെ ജോലികളും ഉത്തരവാദിത്തങ്ങളും കൃത്യമായി നിർണ്ണയിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിച്ചുവരുന്നു. വസ്തുനികുതി, തൊഴിൽ നികുതി സംബന്ധമായ രജിസ്റ്ററുകളും ശരിയായി തയ്യാറാക്കിയിട്ടുണ്ട്. വസ്തുനികുതി വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിക്കുന്ന പ്രവൃത്തി (മാപ്പിംഗ്)പൂർത്തിയായിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ബിൽ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്. ആവർത്തനചെലവുകൾ രേഖപ്പെടുത്തുന്നതിന് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഏറ്റവും പുതിയ വിവരങ്ങൾ ചേർത്ത് കാലികമാക്കുന്നില്ല.

പഞ്ചായത്തിന്റെ പ്രധാനപ്പെട്ട തനത് വരുമാനമായ വസ്തുനികുതി പിരിവ് തൃപ്തികരമല്ല. വാർഷികകണക്കുകൾ പ്രകാരം 2015-16 വർഷം വസ്തു നികുതിയിനത്തിൽ 49 ലക്ഷത്തോളം രൂപ കുടിശ്ശികയുണ്ട്. കെട്ടിട നിർമ്മാണ പെർമിറ്റ്

രജിസ്റ്ററിൽ നിന്ന് പെർമിറ്റ് എടുക്കുന്ന എല്ലാ കെട്ടിടങ്ങളും നിർമ്മാണം പൂർത്തിയാക്കി നികുതി പരിധിയിൽ ഉൾപ്പെടുന്നു എന്ന് ഉറപ്പാക്കാൻ സാധിക്കുന്നില്ല. വിശദാംശങ്ങൾ ചേർത്ത് പെർമിറ്റ് രജിസ്റ്റർ പൂർത്തീകരിക്കേണ്ടതാണ്.

തനതു ഫണ്ട് ചെലവുകൾ

തനത്ഫണ്ട് വൗച്ചറുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. വൗച്ചറുകൾ വൗച്ചർ നമ്പറിന്റെ അടിസ്ഥാനത്തിൽ അടുക്കി സൂക്ഷിക്കുന്നില്ല. ആയതിനാൽ ബിൽ രജിസ്റ്ററുമായി ഒത്ത് നോക്കാൻ സാധിക്കുന്നില്ല. 2011ലെ കേരളപഞ്ചായത്ത് രാജ് അക്കൗണ്ടിംങ്ങ് ചട്ടങ്ങൾ അനുസരിച്ച് വൗച്ചറുകൾ സൂക്ഷിക്കേണ്ടതാണ്.

ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി പ്രതിമാസ ചെലവുകൾ പാസ്സാക്കുന്നുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി അധികൃതമാക്കിയിട്ടുമുണ്ട്.

തനതു ഫണ്ട് ചെലവുകളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. എങ്കിലും പഞ്ചായത്തിലെ തെരുവുവിളക്കുകളുടെ വാർഡ് തിരിച്ചുള്ള പട്ടിക, കൺസ്യൂമർ നമ്പർ, സപ്ലൈ ഏരിയ, വാർഡുകളിലെ ബൾബുകൾ/റ്റ്യൂബ് ലൈറ്റുകൾ/ഫ്ളൂറസെന്റ് ലാമ്പുകൾ/സോഡിയം വേപ്പർ ലാമ്പുകൾ എന്നിവയുടെ എണ്ണം, താരീഫ് നിരക്ക്, കറന്റ് ചാർജ്ജ് എന്നിവയുടെ വിശദാംശങ്ങൾ സൂചിപ്പിയ്ക്കുന്ന രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

മറ്റ് നിർവ്വഹണോദ്യോഗസ്ഥരായ അസിസ്റ്റന്റ് എഞ്ചിനീയർ, കൃഷി ഓഫീസർ, വെറ്ററിനറി സർജൻ, വി.ഇ.ഒ, ഹെഡ്മാസ്റ്റർ, മെഡിക്കൽ ഓഫീസർമാർ എന്നിവർ നിർവ്വഹിച്ച പ്രോജക്ടുകൾ സംബന്ധിച്ച രേഖകൾ രജിസ്റ്ററുകൾ എന്നിവ കൃത്യമായി സൂക്ഷിച്ച് വരുന്നുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.10.2016-20.10.16 | 9/16 | 4.11.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27.2.07 – 1.3.08 | 2001-02 | BA/HQ/II/8B/332 /37/23.4.08 |

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളുടെ അവലോകനം

ഓഡിറ്റ് വർഷത്തെ ധനകാര്യപത്രിക നിയമപ്രകാരമുള്ള സമയപരിധിക്കുള്ളിൽ ഓഡിറ്റിന് ലഭ്യമാക്കിയിരുന്നു. 2015-16വർഷത്തെ കണക്കുകളുടെ പരിശോധനാവേളയിൽ ശ്രദ്ധയിൽപ്പെട്ട അപാകതൾ താഴെ ചേർക്കുന്നു.

1. ആസ്തികളുടെ വിവരങ്ങൾ ക്രോഡീകരിച്ചിട്ടില്ല. അവ ശേഖരിച്ച് സചിത്ര സോഫ്റ്റ്വെയറുമായി സംയോജിപ്പിക്കണമെന്നുള്ള സർക്കാർ നിർദ്ദേശം ഇപ്പോഴും പ്രാവർത്തികമായിട്ടില്ല.

2. വസ്തു നികുതി പരിഷ്ക്കരണം പൂർണ തോതിൽ തൻവർഷം സാധ്യമാകാതെ വന്നതിനാൽ കൃത്യമായ ഡിമാന്റ് നിർണയിച്ച് ചേർക്കാൻ കഴിഞ്ഞില്ല. ഫോം 6 പ്രകാരമുള്ള വിവരങ്ങളുടെ ഡേറ്റാ എൻട്രി നടപ്പു സാമ്പത്തിക വർഷവും പൂർത്തിയായിട്ടില്ല. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 27.04.2015-ലെ ജി.ഒ.(എം.എസ്.)144/2015, 26.12.2015-ലെ ജി.ഒ.(എം എസ്)358/2015 എന്നിവ പ്രകാരം സർക്കാർ പ്രഖ്യാപിച്ച ഇളവുകൾക്കനുസൃതമായുള്ള പുതുക്കിയ ഡിമാന്റ് ഇനിയും നിർണയിക്കാൻ ശേഷിക്കുകയാണ്. ഇക്കാരണങ്ങളാൽ 2015-16 വർഷം തയ്യാറാക്കി സൂക്ഷിച്ചിട്ടുള്ള കുടിശ്ശിക-തന്നാണ്ട് ഡിമാന്റ് രജിസ്റ്ററുകളിലെ തുകകളുടെ കൃത്യതയും വ്യക്തമല്ല.

3.പാർട്ട് ബിൽ പ്രകാരം നൽകിയ യഥാർത്ഥ തുകയല്ല ബാലൻസ് ഷീറ്റിൽ ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സായി ഉൾപ്പെടുത്തിയിരിക്കുന്നത്.

4. വാടക വരവിന്റെ വിശദാംശങ്ങൾ അനുബന്ധ രജിസ്റ്ററുമായി ഒത്തുനോക്കി പൊരുത്തപ്പെടുത്താൻ കഴിയുന്നില്ല.

5. അഡ്വാൻസ് രജിസറ്ററിലെ തുകകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല/ക്രമീകരിച്ചിട്ടില്ല.

6. ഓഡിറ്റ് റിക്കവറി വിവരങ്ങൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

## 2-2-1 മൊബൈൽ ടവറുകളുടെ വസ്തു നികുതി -നികുതി പുനർ നിർണ്ണയം നടത്തിയതിനുശേഷം നാളിതുവരെ ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ വിവിധ വാർഡുകളിലായി ബി.എസ്.എൻ.എൽ മൊബൈൽ കമ്പനികളുടെ 4 ടവറുകൾ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത ടവറുകളുടെ വസ്തുനികുതി 2013-14 സാമ്പത്തിക വർഷം പ്രാബല്യത്തിൽ പരിഷ്കരിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ | വിസ്തീർണ്ണം(ച.മീ.) | സ്ഥാപനത്തിന്റെ പേര് | പുതിയ നികുതി | കുടിശിക. |
|---|---|---|---|---|---|
| 1 | 14/18 | 16 | ബി.എസ്.എൻ.എൽ | 6720 | 2013-14 മുതൽ കുടിശ്ശിക |
| 2 | 8/551 | 5 | ബി.എസ്.എൻ.എൽ | 2100 | 2012-13 മുതൽ കുടിശ്ശിക |
| 3 | 3/367 | 14 | ബി.എസ്.എൻ.എൽ | 6615 | 2012-13 മുതൽ കുടിശ്ശിക |
| 4 | 10/273 | 14 | ബി.എസ്.എൻ.എൽ | 5880 | 2011-12 മുതൽ കുടിശ്ശിക |

എല്ലാ ടവറുകളുടേയും കുടിശികയുൾപ്പെടെയുള്ള നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ജി.ഒ. (ആർ.ടി) 2640/2012 ത.സ്വ.ഭ.വ തിയതി 19.09.2012 പ്രകാരം ബി.എസ്.എൻ.എൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കണമെന്ന ബി.എസ്.എൻ.എൽ ചീഫ് ജനറൽ മാനേജരുടെ അപേക്ഷ സർക്കാർനിരസിച്ചിട്ടുള്ളതാണ്. ആയതിനാൽ പഞ്ചായത്തിന്റെ പരിധിയിലെ 4 ടെലികമ്മ്യൂണിക്കേഷൻ ടവറുകളിൽ നിന്നും വസ്തുനികുതി കുടിശ്ശികസഹിതം ഈടാക്കുന്നതിന് സെക്രട്ടറി അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ് പഞ്ചായത്തിന്റെ പ്രധാന വരുമാനങ്ങളിൽ ഒന്നായ വസ്തുനികുതി ഈടാക്കുന്നതിന് കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-2-2 വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിലെ വിവിധ മുറികൾക്ക് വിവിധ നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം

പഞ്ചായത്തിലെ വസ്തുനികുതി അസസ്മെന്റ് പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിലെ വിവിധ മുറികൾക്ക് വിവിധ നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം സംഭവിച്ചതായി കാണുന്നു. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4 -ാം ചട്ടം 1-ാം ഉപചട്ടത്തിൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിട ഭാഗത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തു നികുതി ചുമത്തേണ്ടതുമാണ് എന്നാണ്. എന്നാൽ പഞ്ചായത്തിൽ ഒരേ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനായി മാത്രം ഉപയോഗിക്കുന്ന 100 ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ ഓരോ ഭാഗത്തിനും വിവിധ നമ്പരുകൾ നല്കി, 100ച.മീ. വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്കു ബാധകമായ ഒരു ച.മീറ്ററിന് 35 രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിലെ വിജ്ഞാപന പ്രകാരം 100ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് 55 രൂപ നിരക്കിലാണ് നികുതി നിർണ്ണയിക്കേണ്ടത്. വസ്തുനികുതി ഇപ്രകാരം കണക്കാക്കിയതു മൂലം നഷ്ടം വന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേര്, വിലാസം | വാർഡ്/കെട്ടിടനം | വിസ്തീർണ്ണം (ച..മീ) | നിർണയിച്ച നികുതി (അടിസ്ഥാന നികുതി ച.മീറ്ററിന് 35/-രൂപ, റോഡ് തരം വർദ്ധനവ് 20%,) +ഗ്രന്ഥശാല വരി | നിർണയിക്കേണ്ട നികുതി (അടിസ്ഥാന നികുതി ച.മീറ്ററിന് 55/- രൂപ, റോഡ് തരം വർദ്ധനവ് 20%, ഒന്നാംനില വാണിജ്യാ വശ്യത്തിനുള്ള കെട്ടിടത്തിനുള്ള ഇളവ് 5%) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | |
| കുര്യൻ പോൾ,കാപ്പുങ്കൽ പറമ്പിൽ | 217/B | 37.63 | 1317.05+263.41+80=1661 | 266.53X55=14659.15+2931.83+879.549 =18470.529 |
| | 217/C | 45.52 | 1593.2+318.64=2008 | |
| | 217/D | 45.52 | 1593.2+318.64=2008 | |
| | 217/E | 45.52 | 1593.2+318.64=2008 | |
| | 217/F | 92.34 | 3231.9+646.38+194=4073 | |
| | | 266.53 | 11758 | |

പ്രത്യേകം നമ്പറിംഗ് നടത്തിയതുമൂലം ഉണ്ടായ വരുമാനനഷ്ടം പ്രതിവർഷം 6712.529 രൂപയാണ്. (18470.529-11758) നൽകിയിട്ടുണ്ട്. ആയതിനാൽ കെട്ടിട നം. 217/B മുതൽ 217/F വരെ കെട്ടിടങ്ങളുടെ പുന:നിർണ്ണയിച്ച നികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3-1 ജീവനക്കാരുടെ തൊഴിൽ നികുതി

2015-16 ലെ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല എന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | ഈടാക്കേണ്ട അർദ്ധവർഷം |
|---|---|---|
| 1. | കടുത്തുരുത്തി അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക്, കോതനെല്ലൂർ | 2 - ാം അർദ്ധവർഷം |
| 2. | ഗ്രാമീണ സൂപ്പർ മാർക്കറ്റ്, കുറുപ്പന്തറ | 1,2 അർദ്ധവർഷങ്ങൾ |
| 3. | കൊശമറ്റം ഫിനാൻസ്, കോതനെല്ലൂർ | 2 - ാം അർദ്ധവർഷം |
| 4. | കടുത്തുരുത്തി ബ്ലോക്ക് വനിത സഹകരണസംഘം, 1070 | 2 - ാം അർദ്ധവർഷം |
| 5. | എസ്.പി.എം കോട്ടയം എച്ച്പിഒ (സീനിയർ പോസ്റ്റ് മാസ്റ്റർ) | 2 - ാം അർദ്ധവർഷം |
| 6. | ജയരാജ് ടിംബർ ഇൻഡസ്ട്രീസ് | 2 - ാം അർദ്ധവർഷം |
| 7. | ധന്യാവുഡ് ഇൻഡസ്ട്രീസ് | 2 - ാം അർദ്ധവർഷം |

ടി സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3-2 സ്ഥാപനതൊഴിൽ നികുതി

2015-16 തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി അവയ്ക്ക് നേരെ സൂചിപ്പിക്കുന്ന അർദ്ധവർഷങ്ങളിൽ അടവാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | ഈടാക്കേണ്ട അർദ്ധവർഷം |
|---|---|---|
| 1 | മുത്തൂറ്റ് ഫിൽകോർപ്പ് ലിമിറ്റഡ്, കോതനെല്ലൂർ | ഒന്നും രണ്ടും അർദ്ധവർഷം |
| 2 | മുത്തൂറ്റ് ഫിൽകോർപ്പ് ലിമിറ്റഡ്, മാൻവെട്ടം | ഒന്നും രണ്ടും അർദ്ധവർഷം |

| | | |
|---|---|---|
| 3 | സപ്ലൈ ലാഭം മാർക്കറ്റ്, കുറുപ്പംതറ | ഒന്നും രണ്ടും അർദ്ധവർഷം |
| 4 | എയ്ഡഡ് സ്കൂൾ ടീച്ചർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, കുറുപ്പംതറ | ഒന്നും രണ്ടും അർദ്ധവർഷം |
| 5 | കൊശമറ്റംഫിനാൻസ്, കോതനെല്ലൂർ | രണ്ടാം അർദ്ധവർഷം |
| 6 | ക്ഷീരവ്യവസായസഹകരണസംഘം. കെ 29 | ഒന്നും രണ്ടും അർദ്ധവർഷം |
| 7 | ജയ് രാജ് ടിംബർ ഇൻഡസ്ട്രീസ് | ഒന്നും രണ്ടും അർദ്ധവർഷം |
| 8 | ധന്യാവുഡ് ഇൻഡസ്ട്രീസ് | ഒന്നും രണ്ടും അർദ്ധവർഷം |
| 9 | മണപ്പുറം ഫിനാൻസ്, കോതനെല്ലൂർ | ഒന്നും രണ്ടും അർദ്ധവർഷം |
| 10 | ഗ്രാമീൺ സൂപ്പർ മാർക്കറ്റ് | 13-14,14-15,15-16 എന്നീ സാമ്പത്തികവർഷങ്ങളിൽ |
| 11 | പെട്രോൾ പമ്പ്, കോതനെല്ലൂർ | 14-15,15-16 സാമ്പത്തികവർഷങ്ങളിൽ |

ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.10) മറുപടി ലഭ്യമായില്ല. ടി സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് കുടിശ്ശിക സഹിതം ഈടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3-3 ഡി & ഒ ലൈസൻസ്, തൊഴിൽ നികുതി, സ്ഥാപനതൊഴിൽ നികുതി എന്നിവ ഡിമാന്റ് ചെയ്യുന്നില്ല

കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ (204)(1) എ (1) പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം ജോലി ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയമാകുന്നതാണ്. എന്നാൽ പഞ്ചായത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കള്ളുഷാപ്പുകൾ നാളിതുവരെ ഡി & ഒ ലൈസൻസ്, തൊഴിൽ നികുതി, സ്ഥാപനതൊഴിൽ നികുതി എന്നിവ അടവാക്കിയിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1. | വാർഡ് -1 (മേട്ടുംപാറ) |
| 2. | വാർഡ് -3 (മാഞ്ഞൂർ) |
| 3. | വാർഡ് -5 (സ്ലീവാപുരം) |
| 4. | വാർഡ് -6 (ഓമല്ലൂർ) |
| 5. | വാർഡ് -8 (നമ്പ്യാകുളം) |
| 6. | വാർഡ് -11(റയിൽവേസ്റ്റേഷൻ) |
| 7. | വാർഡ് -12 (മാഞ്ഞൂർ സെൻട്രൽ) |
| 8. | വാർഡ് -14 (മാഞ്ഞൂർ സൗത്ത്) |

| | |
|---|---|
| 9. | വാർഡ് -15 (മേൻമുറി) |
| 10. | വാർഡ് -18 (കക്കത്തുമല) |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (12/17.12.2016) ലഭ്യമാക്കിയ മറുപടി യിൽ കള്ളുഷാപ്പുകളിൽ നിന്നും ഡി & ഒ ലൈസൻസ്,തൊഴിൽ നികുതി, സ്ഥാപനതൊഴിൽ നികുതി എന്നിവ ഡിമാന്റ്ചെയ്ത് ഈടാക്കുന്നതിന് നോട്ടിസ് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. മേൽ സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകി ഡി & ഒ ലൈസൻസ്, തൊഴിൽ നികുതി, സ്ഥാപനതൊഴിൽ നികുതി എന്നിവ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 ഡി ആന്റ് ഒ ലൈസൻസ് ഫീസ് അടവാക്കിയിട്ടില്ല

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2014-15, 2015-16 വർഷങ്ങളിൽ ലൈസൻസ് ഫീസ് ഡിമാന്റ് ചെയ്ത് അടവാക്കിയതായി കാണുന്നില്ല. സ്ഥാപനങ്ങളുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | വർഷം |
|---|---|---|
| 1 | പെട്രോൾപമ്പ്, കോതനെല്ലൂർ | 2014-15,2015-16 |
| 2 | ക്ഷീരോൽപ്പാദനസഹകരണസംഘം,കെ29(ഡി) | 2014-15,2015-16 |
| 3 | നീതിമെഡിക്കൽ സ്റ്റോർ,മാഞ്ഞൂർ സർവീസ് സഹകരണസംഘം നം(73) | 2015-16 |
| 4 | നീതി സൂപ്പർമാർക്കറ്റ്, മാഞ്ഞൂർ സർവീസ് സഹകരണസംഘം നം(73) | 2015-16 |
| 5 | മാനേജിംഗ് ഡയറക്ടർ, കേരളഗ്രാമീണ് സൂപ്പർമാർക്കറ്റ് | 2014-15,2015-16 |

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം-14/15-16) ലഭിച്ച മറുപടിയിൽ ടി സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ടി സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസും പിഴയും ചേർത്ത് ലൈസൻസ് പുതുക്കി നൽകാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 വനിതാ കാന്റീൻ-വാടകകുടിശ്ശിക കരാർ ലംഘനത്തിനെതിരെ നടപടി സ്വീകരിച്ചില്ല

മാഞ്ഞൂർ ബസ് സ്റ്റാന്റിൽ പഞ്ചായത്തിന്റെ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിയ്ക്കുന്ന വനിതാ കാന്റീൻ ശ്രീമതി ബീനാ സുധീഷ് എന്ന സ്വകാര്യവ്യക്തിയ്ക്ക് മാസം 4250 രൂപ വാടകയ്ക്ക് നൽകിയിരുന്നു. എന്നാൽ ടി വ്യക്തി പഞ്ചായത്തുമായുണ്ടാക്കിയ കരാറിന് വിരുദ്ധമായി ശ്രീമതി റെജിമോൾ എന്ന വ്യക്തിയ്ക്ക് കാന്റീൻ വാടകയ്ക്ക് നൽകുകയും ടിയാളിൽ നിന്നും വൻതുക വാടക ഇനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ടെന്ന് ശ്രീമതി റെജിമോൾ 4.02.16 -ൽ നൽകിയ കത്തിൽ പഞ്ചായത്തിനെ രേഖാമൂലം അറിയിച്ചിട്ടുണ്ട്. പഞ്ചായത്തുമായി ഉണ്ടാക്കിയ കരാറിന് വിരുദ്ധമായി കെട്ടിടം മറ്റൊരാൾക്ക് വാടകയ്ക്ക് നൽകിയ നടപടി ഗൗരവമായി കാണേണ്ടതാണ്. കൂടാതെ ശ്രീമതി ബീനാ സുധീഷ് 2015-16 സാമ്പത്തികവർഷം ഒൻപത് മാസത്തെ വാടകയിനത്തിലുള്ള തുകയായ 38250 രൂപ നാളിതുവരെ അടവാക്കിയിട്ടില്ല. വാടകകുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ വ്യക്തമാക്കുന്നതിനായി 15.12.10ൽ നൽകിയ 6-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ശ്രീമതി ബീനാ സുധീഷിന് എതിരായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നഷ്ടം ഈടാക്കിയ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-6 മണൽലേലം -തുടർനടപടികൾ പൂർത്തിയാകാത്തതിനാൽ പഞ്ചായത്തിനുണ്ടാകുന്ന വരവ് നഷ്ടം സംബന്ധിച്ച്

കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി മാഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ 18-ാം വാർഡിൽ പാലക്കുഴിപ്പിൽ കുളം 2013-14 സാമ്പത്തികവർഷം നവീകരണത്തിനുശേഷം ഏകദേശം 400m3 മണ്ണ് കുളത്തിന് തൊട്ടടുത്ത് മാഞ്ഞൂർവില്ലേജിൽ കര്യാക്കോസ് മാണി എന്നയാളുടെ ഉടമസ്ഥതയിലുള്ള സർവ്വേ 376/5-ൽ പ്പെട്ട സ്ഥലത്ത് ശേഖരിച്ചിരുന്നു. പ്രസ്തുത മണ്ണിന്റെ അളവ് തിട്ടപ്പെടുത്തി നൽകുന്നതിന് ജില്ലാ ജിയോളജിസ്റ്റിന്റെ അനുമതിയ്ക്കായി പഞ്ചായത്ത് 05.08.15 കത്ത്

നൽകിയിരുന്നു. 20.08.15ലെ ജില്ലാ ജിയോളജിസ്റ്റിന്റെ കത്തിൽ താലൂക്ക് സർവ്വേയർക്കാണ് ആയതിന്റെ അധികാരം എന്ന് അറിയിച്ചിരുന്നു. കൂടാതെ കൂട്ടിയിട്ടിരിക്കുന്ന മണ്ണിന്റെ കൈവശം സംബന്ധിച്ച വിവരങ്ങൾ എന്നിവയും ലഭ്യമാക്കി റോയൽറ്റി ഒടുക്കി ട്രാൻസിറ്റ് പാസ്സ് വാങ്ങിയതിനുശേഷം മാത്രമെ ലേലനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ എന്നും അറിയിച്ചിരുന്നു. ഇതിൽപ്രകാരം 03.09.15 മണ്ണിന്റെ അളവ് തിട്ടപ്പെടുത്തുന്നതിന് വൈക്കം താലൂക്ക് സർവ്വേയർക്ക് കത്ത് നൽകിയിട്ടുള്ളതുമാണ്. എന്നാൽ നാളിതുവരെ അളവ് തിട്ടപ്പെടുത്തിയിട്ടില്ല. അളവ് തിട്ടപ്പെടുത്തിയിരുന്നെങ്കിൽ ജിയോളജിസ്റ്റിന്റെ അനുമതിവാങ്ങി തുടർനടപടികൾ പഞ്ചായത്തിൽനിന്നും സ്വീകരിക്കാമായിരുന്നു. കൂടാതെ മണ്ണ് സൂക്ഷിച്ചിരിക്കുന്ന സ്വകാര്യപുരയിടങ്ങളുടെ (ഓരോ പുരയിടങ്ങളിലെ മണ്ണിന്റെ അളവും ഉടമസ്ഥരുടെ പേര് വിവരങ്ങളും) വിവരങ്ങൾ കൂടി പഞ്ചായത്തിൽ ലഭ്യമാക്കുന്നതിന് അടിയന്തിര നിർദ്ദേശം പാലാ മണ്ണ് സംരക്ഷണ ഓഫീസർക്ക് നൽകണമെന്ന് സൂചിപ്പിച്ച് താലൂക്ക് സർവ്വേ ഓഫീസ്രക്ക് 19.01.16-ൽ കത്ത് നൽകിയിരുന്നു.

മണൽലേലം -തുടർനടപടികളുമായി ബന്ധപ്പെട്ട തീരുമാനങ്ങളെടുക്കുന്നതിന് പഞ്ചായത്ത് അധികൃതർ ശുഷ്കാന്തി കാണിക്കുന്നുണ്ടെങ്കിലും അനുബന്ധവകുപ്പുകളിലെ അധികാരികളുടെ അനാസ്ഥ നിമിത്തം പഞ്ചായത്തിന് അവകാശപ്പെട്ട മണ്ണ് സ്വകാര്യവ്യക്തികളുടെ കൈവശം ആയിത്തീരുന്ന അവസ്ഥയിലാണ്.

## 2-7 ഓഡിറ്റ് - തുടർ നടപടി സ്വീകരിച്ചത്

2014-15 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 2-2ൽ മൊബൈൽ ടവറുകളുടെ വസ്തുനികുതി നാളിതുവരെ പരിഷ്കരിച്ച് ഈടാക്കിയിട്ടില്ല എന്ന് സൂചിപ്പിച്ചിരുന്നു. ആയതുപ്രകാരം 2015-16 സാമ്പത്തിക വർഷത്തിൽ ചുവടെ ചേർക്കുന്ന പട്ടികപ്രകാരം മൊബൈൽ ടവറുകളുടെ പരിഷ്കരിച്ച വസ്തു നികുതി ഈടാക്കിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | ടവറിന്റെ പേര് | കെട്ടിടനമ്പർ/ വാർഡ് നമ്പർ | വിസ്തീർണ്ണം | ഈടാക്കിയ നികുതി | രസീത് നമ്പർ | ഈടാക്കിയ വർഷം, തീയതി |
|---|---|---|---|---|---|---|
| 1 | റിലയൻസ് | 11/64 | 14 | 25816 | 11601400010,11601400011 | 19.07.2016 |
| 2 | ഇൻഡസ് ടവേഴ്സ് | 14/363 | 14 | 32159 | 11601400023 | 23.09.2016 |
| 3 | ഭാരതി ഇൻഫ്രാടെൽ | 2/100 | 14 | 37582 | 11601400024 | 23.09.2016 |
| 4 | ഭാരതി ടെലിവെന്റേഴ്സ് | 4/158A | 14 | 37473 | 11601400022 | 23/09/2016 |
| 5 | ഭാരതി ഇൻഫ്രാടെൽ | 16/26A | 14 | 27245 | 11601102780 | 23/09/2016 |
| 6 | ഭാരതി ഇൻഫ്രാടെൽ | 8/598B | 14 | 37664 | 11601500015 | 29/09/2016 |
| ആകെ | | | | 197939/- | | |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കോടതി വ്യവഹാരങ്ങളുടെ തുടർ നടത്തിപ്പ് നിരീക്ഷിക്കാൻ സംവിധാനമില്ല

വിവിധ കോടതികളിൽ എഴുപത്തെട്ടോളം കേസുകൾ വിവിധ വർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് എതിർകക്ഷിയായി നിലനിൽക്കുന്നതായി സ്യൂട്ട് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇവയിൽ ഹൈക്കോടതി, കീഴ്ക്കോടതികൾ, ഓംബുഡ്സ്മാൻ എന്നിവയിൽ ഫയൽ ചെയ്തവ വരെ ഉൾപ്പെടുന്നു. കേസിന്റെ തുടർ നടത്തിപ്പ്, തീർപ്പ് തുടങ്ങിയ വിവരങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല. തൻമൂലം പഞ്ചായത്തിന്റെ താത്പര്യം സംരക്ഷിക്കാൻ ഉതകുംവിധം സമയബന്ധിതമായി നടപടികൾ തുടങ്ങുന്നതിന് പഞ്ചായത്തിനു കഴിയുന്നില്ല. പഞ്ചായത്തിനനുകൂലമായി വിധികൾ സമ്പാദിക്കാനും അവ യഥാസമയം നടത്തിയെടുക്കാനും വിധി അനുകൂലമല്ലാത്ത സാഹചര്യങ്ങളിൽ സമയപരിധിക്കുള്ളിൽ അപ്പീൽ സമർപ്പിക്കുവാനും പ്രസ്തുത രജിസ്റ്ററിലെ സമഗ്രമായ രേഖപ്പെടുത്തലുകൾ അനിവാര്യമാണ്.

കുറ്റമറ്റ രീതിയിൽ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ രജിസ്റ്റർ എഴുതി സൂക്ഷിയ്ക്കുന്നതിലെ അപാകത നിമിത്തം വക്കീൽ ഫീസ് ഇനത്തിൽ ചെലവഴിയ്ക്കുന്ന തുകയുടെ കൃത്യതയും വ്യക്തമല്ല.

## 3-2 പി.എച്ച്.സി.മരുന്നു വാങ്ങൽ - മുഴുവൻ തുകയ്ക്കുള്ള മരുന്നും ലഭ്യമല്ല

പ്രോജക്റ്റ് നം. - S0012/16

അടങ്കൽ - 1,00,000/-

ചെലവ് - 1,00,000

നിർവ്വഹണോദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ പി.എച്ച്.സി.

2015-16 സാമ്പത്തിക വർഷത്തിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ ഫാർമസിയിൽ നിന്ന് മരുന്ന് വാങ്ങുന്നതിന് 1,00,000/- രൂപ (ഡി.ഡി.നം.347601/01.08.2015, ഡി.ഡി.നം.40029/15.03.16 എന്നിവ പ്രകാരം മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ ടി തുകയ്ക്കുള്ള മരുന്ന് പൂർണ്ണമായി ലഭ്യമായില്ല. കേരള ഫിനാൻഷ്യൽ കോഡ് അനുഛേദം 99 പ്രകാരം അഡ്വാൻസ് കൈപ്പറ്റി മൂന്ന് മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കേണ്ടതാണ്. അതിനാൽ പ്രസ്തുത ഡി.ഡി.യിലെ ബാക്കി തുകയായ 5583/- രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 തെരുവുവിളക്ക് സ്ഥാപിയ്ക്കൽ വിശദാംശങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്

2015-16 സാമ്പത്തികവർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്റ്റായിരുന്നു വിവിധ വാർഡുകളിൽ തെരുവുവിളക്ക് സ്ഥാപിയ്ക്കൽ. പ്രസ്തുത പ്രോജക്റ്റിൽ 1319800(ധനകാര്യകമ്മീഷൻ ഗ്രാന്റ് + തനതുഫണ്ട്) രൂപ ചെലവഴിച്ച് 780 ഓട്ടോമാറ്റിക് തെരുവുവിളക്കുകൾ വാങ്ങിയതായി കാണുന്നു. ആയവയിൽ 752 എണ്ണം ഘടിപ്പിയ്ക്കുന്നതിനായി 112800 രൂപ കെ.എസ്.ഇ.ബി.യ്ക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത ഫയലിൽ സൂപ്പർവിഷനും, ഇൻസ്റ്റലേഷനുമായി ഒരു ലൈറ്റിന് 150 രൂപ നിരക്കിൽ അടവാക്കണമെന്നാണ് കെ.എസ്.ഇ.ബി.യുടെ കത്തിൽ (ഡി.ബി4 സ്ട്രീറ്റ്ലൈറ്റ് /53/14-15 25.03.15)സൂചിപ്പിയ്ക്കുന്നത്. ആയതുപ്രകാരം 780 തെരുവുവിളക്കുകൾ അടവാക്കേണ്ടിയിരുന്നത് 117000 രൂപയായിരുന്നു. എന്നാൽ ഫയൽപ്രകാരം അടവാക്കിയിരിയ്ക്കുന്നത് 752 തെരുവുവിളക്ക് സ്ഥാപിയ്ക്കുന്നതിനുള്ള തുകയാണ്. ശേഷിയ്ക്കുന്ന 28 തെരുവുവിളക്കുകൾ സ്ഥാപിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. 28 തെരുവുവിളക്കുകൾ വിനിയോഗിച്ചതിന്റെ വിവരം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. മാത്രമല്ല തെരുവുവിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കേണ്ടതുമാണ്. പ്രസ്തുത വിവരം അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (13/19.12.16)തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല.

മേൽ സൂചിത പ്രോജക്റ്റുകൾ നടപ്പിലാക്കിയതിന്റെ പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1.പഞ്ചായത്തിലെ തെരുവുവിളക്കുകളുടെ വാർഡ് തിരിച്ചുള്ള പട്ടിക, കൺസ്യൂമർ നമ്പർ, സപ്ലൈ ഏരിയ, വാർഡുകളിലെ ബൾബുകൾ/റ്റ്യൂബ് ലൈറ്റുകൾ/ഫ്ലൂറസെന്റ് ലാമ്പുകൾ/സോഡിയം വേപ്പർ ലാമ്പുകൾ എന്നിവയുടെ എണ്ണം, താരീഫ് നിരക്ക്, കറന്റ് ചാർജ്ജ് എന്നിവയുടെ വിശദാംശങ്ങൾ സൂചിപ്പിയ്ക്കുന്ന രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

2.തെരുവുവിളക്കുകളുടെ സ്ഥാപിയ്ക്കലിനായി തുടർനടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ സൂചിപ്പിയ്ക്കുന്ന രജിസ്റ്റർ അപൂർണ്ണമാണ്.

3.വാർഡ് മെമ്പർമാർ തെരുവുവിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട് എന്നു സൂചിപ്പിയ്ക്കുന്ന രേഖകൾ അപൂർണ്ണവും അവ്യക്തവുമാണ്.

4.വാർഡ് മെമ്പർമാരിൽ നിന്നും കേടായ ലൈറ്റുകളുടെ റിക്വയർമെന്റ് ശേഖരിച്ച് അതിനനുസരിച്ച് വേണമായിരുന്നു പർച്ചേസ് നടത്തേണ്ടിയിരുന്നത്. ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിലെ സ്ട്രീറ്റ്ലൈറ്റ് പോയിന്റുകൾ സംബന്ധിച്ച് കൃത്യമായ കണക്ക് കെ.എസ്.ഇ.ബി.യുമായി സംയുക്ത പരിശോധന നടത്തി സൂക്ഷിക്കേണ്ടതും ആവശ്യകതയ്ക്ക് അനുസരിച്ച് വാങ്ങൽ നടത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 3-4 അതുല്യം - രണ്ടാം ഘട്ടം (സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പരിപാടി 2015-16) പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമല്ല

നിർവ്വഹണ ഉദ്യോഗസ്ഥ --ഹെഡ്മിസ്ട്രസ്

പ്രോജക്റ്റ് നം -- 283/16

ചെലവഴിച്ച തുക --52325 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) ബിൽ നം - 8/15-16 16.02.16 തുക 44165& 12/15-16 29.3.16 തുക 8160

2015-16 സാമ്പത്തികവർഷം ഹെഡ്മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പ്രോജക്ടായിരുന്നു (പ്രോജക്ട് നം.283/16) അതുല്യം രണ്ടാംഘട്ടം സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പരിപാടി. പ്രസ്തുത പ്രോജക്ടിനായി ആകെ ചെലവഴിച്ചത് 52325 രൂപയായിരുന്നു. സാക്ഷരതാ പ്രേരകർമാർക്ക് ഓണറേറിയം, യാത്രാബത്ത, പുസ്തകം, സ്റ്റേഷനറി, തയ്യാറാക്കൽ എന്നീ ഇനങ്ങളിലാണ് തുക ചെലവഴിച്ചിട്ടുള്ളത്. എന്നാൽ പഞ്ചായത്തിലെ പതിനാറാം വാർഡിലെ ഗുണഭോക്താക്കളെ മാത്രമാണ് പ്രസ്തുത പ്രോജക്ടിലെ പഠിതാക്കളായി തെരഞ്ഞെടുത്തത്. സാക്ഷരതാമിഷൻ മിഷനിൽ നിന്നും ലഭ്യമാക്കിയ പ്രോജക്ട് നിർവ്വഹണ നിബന്ധനകൾ പ്രകാരം നാലുമാസം (1/15 മുതൽ 4/15) പരിശീലനം നൽകിയതിനുശേഷം അവസാനപരീക്ഷ (അക്ഷരോത്സവം) നടത്തി സർട്ടിഫിക്കറ്റ് നൽകേണ്ടിയിരുന്നു. പ്രസ്തുത പ്രോജക്ടുമായി ബന്ധപ്പെട്ട് കേരളസാക്ഷരതാമിഷൻ നടത്തിയ മോണിറ്ററിംഗ് റിപ്പോർട്ട്, അവസാനപരീക്ഷ (അക്ഷരോത്സവം) നടത്തി സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 'സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ ഗ്രാമം' എന്ന ലക്ഷ്യം കൈവരിച്ചു എന്ന വസ്തുതയും വ്യക്തമായിട്ടില്ല. ആയതിനാൽ ടിയിനത്തിൽ ചെലവഴിച്ച 52325 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ ടാറിംഗ് പ്രവൃത്തികൾ - കോൺട്രാക്ടർമാർ ടാർ സപ്ലൈ ചെയ്തു, കാലി വീപ്പയുടെ വില ഈടാക്കിയില്ല- വൻതുക പഞ്ചായത്തിന് നഷ്ടം

2015-16 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ടാറിംഗ് പ്രവൃത്തികൾ എല്ലാം തന്നെ ഗുണഭോക്തൃ സമിതി മുഖേനയാണ് നിർവ്വഹിച്ചിട്ടുള്ളത്. കൺവീനർമാർക്ക് നേരിട്ട് ടാർ വാങ്ങുന്നതിന് തടസ്സമില്ല എന്നിരിക്കെ ഏതാനം കോൺട്രാക്ടർമാർ ടാർ വാങ്ങി കൺവീനർമാർക്ക് നൽകിയിരിക്കുന്നു. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

കൂടാതെ താഴെപറയും പ്രകാരം 870 ബാരൽ ടാർ ആണ് കോൺട്രാക്ടർമാർ വാങ്ങി കൺവീനർമാർക്ക് നൽകിയിട്ടുള്ളത്. ഫൈനൽ ബില്ലിൽ നിന്നും കുറവ് ചെയ്യേണ്ട empty barrel ന്റെ വില കുറവ് ചെയ്യാത്തതിലൂടെ 2,36,883/- രൂപ പഞ്ചായത്തിന് നഷ്ടം ഉണ്ടായിരിക്കുന്നു.

| ക്രമ നം. | കോൺട്രാക്ടറുടെ പേര് | Invoice no.&date | വാങ്ങിയ ടാർ Metric tonne | ബാരലിന്റെ എണ്ണം | ഈടാക്കേണ്ട തുക ബാരൽX(250+12.5%) 281.25/- |
|---|---|---|---|---|---|
| 1 | ദിലീപ് കുമാർ | 6300067405/31.12.15 | 3.900 | 25 | 7025 |
| 2 | ഷാജി പൈലി | 6300080568/12.2.16 | 2.496 | 16 | 4496 |
| 3 | | 6300053766/12.11.15 | 7.176 | 46 | 12926 |
| 4 | | 6300053641/12.11.15 | 9.360 | 60 | 16860 |
| 5 | | 6300046610/6.10.15 | 5.148 | 33 | 9273 |
| 6 | | 6300065629/24.12.15 | 9.672 | 62 | 17422 |
| 7 | ഷാജി ജോസഫ് | 6300069383/7.1.16 | 9.360 | 60 | 16860 |
| 8 | | 6300082643/19.2.16 | 5.148 | 33 | 9273 |
| 9 | | 6300073676/ | 9.360 | 60 | 16860 |
| 10 | | 6300071728/15.1.16 | 9.360 | 60 | 16860 |
| 11 | | 6300069606/7.1.16 | 9.360 | 60 | 16860 |
| 12 | | 6300075569/29.1.16 | 6.240 | 40 | 11240 |
| 13 | സേവ്യർ കുര്യാക്കോസ് | 6300070092/9.1.16 | .156 | 1 | 281 |

| | | | | | |
|---|---|---|---|---|---|
| 14 | | 6300079327/9.2.16 | .156 | 1 | 281 |
| 15 | റ്റി.കെ.സിറിയക് | 6300069544/7.1.16 | 9.360 | 60 | 16860 |
| 16 | വി.എം.മാത്യു | 6300077738/4.2.16 | 5.460 | 35 | 9835 |
| 17 | | 6300070041/9.1.16 | 9.360 | 60 | 16860 |
| 18 | | 6300085080/26.2.16 | 1.560 | 10 | 2810 |
| 19 | പി.എസ്.ഷുക്കൂർ | 6300079326/9.2.16 | 9.204 | 59 | 16579 |
| 20 | | 6300061653/10.12.15 | 1.092 | 7 | 1967 |
| 21 | ജോണി ചെറിയാൻ | 6300067163/30.12.15 | 8.580 | 55 | 15455 |
| | | ആകെ | | 843 | 236883 |

ഇത് സംബന്ധമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8) ടാറിംഗ് പ്രവൃത്തികളുടെ റേറ്റിൽ bitumin empty barrel ന് തുക വകയിരുത്തിയിട്ടില്ല എന്നും പ്രവൃത്തിക്കുവേണ്ടി ഉപയോഗിക്കുന്ന ബിറ്റുമിന് മാത്രമാണ് റേറ്റ് ൽ തുക വകയിരുത്തിയതെന്നും മറുപടി നൽകി. എന്നാൽ റോഡ് ടാറിംഗ്/റീ ടാറിംഗ് പ്രവൃത്തികൾക്ക് ഉപയോഗിച്ചിട്ടുള്ള VG 30 ഗ്രേഡ് ബിറ്റുമിന് DSR പ്രകാരമുള്ള റേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള തുക സീൽഡ് ബിറ്റുമിന്റേതാണ്. ആയതിനാൽ അധികം നൽകിയ തുക ബന്ധപ്പെട്ട കൺവീനർമാരിൽ നിന്നോ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-6 നിർമ്മാണ പ്രവൃത്തികൾ സമഗ്രമായി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല

1. നിർമ്മാണ പ്രവൃത്തികൾ എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി സമ്പൂർണ്ണമായി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ശ്രമിച്ചിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം | റോഡ് പ്രവൃത്തി | അടങ്കൽ | നിർവ്വഹിച്ച പ്രവൃത്തി | ചെലവ് | പൂർത്തിയാക്കാൻ അവശേഷിക്കുന്ന പ്രവൃത്തി |
|---|---|---|---|---|---|
| 213/16 | കുമ്പളത്ത് നെല്ലിത്താനത്ത് മുണ്ടൽപ്പടി റോഡ് മെറ്റലിംഗ് | 292611 | മെറ്റലിംഗ് മാത്രം | 292309 | ടാറിംഗ് |
| 51/16 | മാൻവെട്ടം പോസ്റ്റ് ഓഫീസ് വെളിഞ്ഞകാലാ റോഡ് മെറ്റലിംഗ് | 140000 | മെറ്റലിംഗ് മാത്രം | 139402 | ടാറിംഗ് |
| 237/16 | മാൻവെട്ടം വെറ്റിനറി ഹോസ്പിറ്റൽ OLH കോളനി റോഡ് മെറ്റലിംഗ് | 140898 | മെറ്റലിംഗ് മാത്രം | 140882 | ടാറിംഗ് |

2.പല റോഡ് പ്രവൃത്തികളും ആകെ നീളം താരതമ്യേന വളരെ കുറവാണെങ്കിലും ആ അളവ് പൂർണ്ണമായും പ്രവർത്തി നിർവഹണത്തിൽ ഉൾപ്പെടുത്താതെ കുറച്ചു ദൂരം മാത്രം നിർവ്വഹിച്ചതായി കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം | റോഡ് പ്രവൃത്തിയുടെ പേര്/ചെലവ് | റോഡിന്റെ ആകെ നീളം | പ്രവൃത്തി നിർവഹിച്ച ദൂരം | ബാക്കി നിൽക്കുന്ന ദൂരം |
|---|---|---|---|---|
| 85/16 | തെക്കേകര കൊറ്റോടം റോഡ് ടാറിംഗ് 199814 | 1800 | 138 | 1662 |
| 25/16 | ചാമക്കാല തട്ട്പറമ്പ്റോഡ് സോളിംഗ് മെറ്റലിംഗ് & ടാറിംഗ് 247605 | 500 | 57 | 343 |

നിർമ്മാണ പ്രവൃത്തികൾ സമഗ്രമായി ആവിഷ്കരിച്ച് നടപ്പിലാക്കാത്തത് മൂലം പഞ്ചായത്ത് ഫണ്ടിന്റെ വിനിയാഗം ഫലപ്രാപ്തിയിലെത്തുകയോ ആസ്തിയുടെ പ്രയോജനം ജനങ്ങൾക്ക് ലഭിക്കുകയോ ചെയ്തിട്ടില്ല. പിന്നീടാ തുടർപ്രവൃത്തികൾ നിർവ്വഹിക്കാതിരിക്കുന്നതിനുള്ള സാധ്യത നിലനിൽക്കുന്നു. വരും വർഷങ്ങളിൽ തുടർ പ്രവൃത്തികൾ ചെയ്യുന്നുണ്ടെങ്കിലും അധിക ചെലവിനുള്ള സാധ്യത നിലനിൽക്കുന്നു.

## 3-7 ഗ്രാമസഭകളുടെ സംഘാടനം

മാഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ ഗ്രാമസഭകളുടെ പ്രവർത്തനത്തിലും സംഘാടനത്തിലും പിഴവുകൾ സംഭവിച്ചിട്ടുള്ളതായി ഗ്രാമസഭകളുടെ മിനിട്സ് പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. അവ ചുവടെ സംഗ്രഹിക്കുന്നു.

1. മൂന്നു മാസത്തിലൊരിക്കൽ യോഗം ചേരുന്നില്ല

ഇത് മൂന്ന് മാസത്തിൽ ഒരിക്കൽ ഗ്രാമസഭകൾ യോഗം ചേരണമെന്ന കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3(3) ന്റെ ലംഘനമാണ്.

2. യോഗനടപടികൾ പൂർത്തിയാക്കി മിനിട്സ് ക്ലോസ് ചെയ്യുന്നില്ല

പല ഗ്രാമസഭകളിലും കൈക്കൊണ്ട തീരുമാനങ്ങൾ പൂർണ്ണമായും മിനിട്സിൽ രേഖപ്പെടുത്തി ഗ്രാമസഭ കൺവീനറും കോർഡിനേറ്ററും ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. പല മിനിട്സിലും പിന്നീട് വിവരങ്ങൾ എഴുതിച്ചേർക്കാനായി സ്ഥലം വിട്ടിരിക്കുന്നു. ഗ്രാമസഭാപങ്കാളിത്തം വ്യക്തമാക്കുന്ന ഫോട്ടോകൾ മിനിട്സിൽ ഉള്ളടക്കം ചെയ്തിട്ടില്ല. തീരുമാനങ്ങൾ രേഖപ്പെടുത്തി മിനിട്സ് ക്ലോസ് ചെയ്യാത്തതിനാൽ ഗ്രാമസഭകൾ കൈക്കൊണ്ട തീരുമാനങ്ങൾ ആധികാരികമല്ല.

3. ഗ്രാമസഭകളിൽ വാർഷിക കണക്ക്, ഭരണറിപ്പോർട്ട്, ഓഡിറ്റ് റിപ്പോർട്ട് എന്നിവ ചർച്ച ചെയ്യുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ വാർഷികപദ്ധതി സംബന്ധിച്ച വരവുചെലവ് കണക്കുകൾ, വാർഷിക ഭരണറിപ്പോർട്ട് എന്നിവ ഗ്രാമസഭയിൽ ചർച്ച ചെയ്യുന്നില്ല.

ഗ്രാമസഭാസംഘാടനം കുറ്റമറ്റതാക്കുന്നതിന് കൂടുതൽ ജാഗ്രത പഞ്ചായത്തധികൃതർ പുലർത്തേണ്ടതാണ്.

## 3-8 ആശ്രയപദ്ധതി -നാളിതുവരെ പുരോഗതി കൈവരിച്ചിട്ടില്ല

അഗതി കുടുംബങ്ങളിലെ 19 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി 2005-06 ൽ ആരംഭിച്ച ഒന്നാം ഘട്ട പദ്ധതി 6,00,000 രൂപ അടങ്കലിൽ തയ്യാറാക്കിയതായിരുന്നു. ഗുണഭോക്താക്കൾക്ക് വീട് മെയിന്റനൻസ്, ആശ്രയ റേഷൻ വിതരണം, പോഷകാഹാരകിറ്റ് വിതരണം, പഠനോപകരണങ്ങളുടെ വിതരണം തുടങ്ങിയവയാണ് പ്രധാനമായും നടത്തേണ്ടിയിരുന്നത്. എസ്.ബി.റ്റി കുറുപ്പന്തറ ശാഖയിലുള്ള ആശ്രയപദ്ധതി ഒന്നാം ഘട്ടം അക്കൗണ്ട് (A/C no. 6700548109)പാസ്സ് ബുക്ക്, പദ്ധതിയുടെ കാഷ്ബുക്ക് എന്നിവ പരിശോധിച്ചതിൽ 31.10.16-ൽ 9,91,078 രൂപ നീക്കിയിരിപ്പുണ്ട്. ടി തുകയിൽ നാളിതുവരെ ഭക്ഷ്യവസ്തുക്കൾ വാങ്ങിനൽകുന്നതിനായി ചെലവഴിച്ചത് 90,198 രൂപ മാത്രമായിരുന്നു.

സ.ഉ(എം.എസ്)നം.170/2012/തസ്വഭവ തീയതി 16.06.2012 പ്രകാരം കുടുംബശ്രീ-ആശ്രയപദ്ധതി കൂടുതൽ വിപുലമാക്കുന്നതിനും അർഹതപ്പെട്ട കൂടുതൽ വിഭാഗങ്ങളെ അതിൽ ഉൾപ്പെടുത്തുന്നതിനും വേണ്ട നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ ആക്ഷൻപ്ലാൻ തയ്യാറാക്കി ആശ്രയ രണ്ടാം ഘട്ട പ്രോജക്ട് 2014 -17 കാലയളവിലേയ്ക്ക് പുതിയ 36 ഗുണഭോക്തൃ കുടുംബങ്ങളെ ഉൾപ്പെടുത്തി തയ്യാറാക്കി 48,00,000 രൂപ അടങ്കലിൽ അംഗീകാരം നേടിയിട്ടുണ്ട്. ആശ്രയ രണ്ടാം ഘട്ട പ്രോജക്ടിനായി ഗ്രാമീൺ ബാങ്ക് കുറുപ്പന്തറ ശാഖയിൽ 40562101008771 ആയി അക്കൗണ്ട് തുറന്നിട്ടുണ്ട്. ചലഞ്ച് ഫണ്ടിനത്തിൽ 4,48,157 രൂപ ടി അക്കൗണ്ടിൽ വരവ് വന്നിട്ടുണ്ട്. ആശ്രയ രണ്ടാം ഘട്ട പ്രോജക്ടിന്റെ പ്രവർത്തനങ്ങളും കാര്യക്ഷമമായി പുരോഗമിക്കുന്നില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 3-9 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് 2015-16 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 18 വാർഡുകളിലും കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2015-16 വർഷം ആക്ഷൻ പ്ലാൻ പ്രകാരം ആകെ 25 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതികാനുമതി ലഭിച്ച 25 പ്രോജക്ടുകളിൽ 18 എണ്ണം മാത്രം നടപ്പിലാക്കി. 2015-16 സാമ്പത്തികവർഷം 69788 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 1268 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. 18 ഗ്രാമസഭകളിൽ മാത്രമാണ് സോഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. നീർത്തടപരിപാലനം, ഭൂമി കൃഷിയോഗ്യമാക്കൽ,

കമ്പോസ്റ്റ് കുഴി നിർമ്മാണം, ഐ.എ.വൈ, വിധവ വിഭാഗങ്ങളിലെ കുടുംബങ്ങളിലെ പുരയിടങ്ങളിൽ നീർത്തടപരിപാലനം, മഴക്കുഴി നിർമ്മാണം, പ്ലാറ്റ്ഫോം നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1800000 വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്-ഉദ്ദേശം | ഉത്തരവ് നം./തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| രാജീവ് ഗാന്ധി ഭവനപദ്ധതി | സ.ഉ.(എം.എസ്) എം 83/13 ത.സ്വ.ഭവ 11.03.13 | 1,80,00,000 | -- | 10,00,000 | 1,70,00,000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈ ഇനത്തിൽ തൻവർഷം ലഭ്യമായ 89707 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | പാര നമ്പർ | തടസ്സം/നിരാകരണം/പരാമർശം/വിവരങ്ങൾ | തുക തിരിച്ചടവ് | രസീത് നമ്പർ/തീയതി |
|---|---|---|---|---|
| 1998/99 | 2.2 | 22.03.1999ലെ 55206/71 രസീത് പ്രകാരം വരവ് രജിസ്റ്ററിൽ വന്ന കുറവ് (പൊന്നമ്മയുടെ കെട്ടിടനികുതി) | 3 | 11501103166/18.12.2015 |
| | | 31.03.2000ലെ 13107/24 രസീത് പ്രകാരം വരവ് രജിസ്റ്ററിൽ വന്ന കുറവ് (വി.ജി.ദിനകരൻ അർബൻ സഹകരണ ബാങ്ക്-തൊഴിൽനികുതി) | 120 | 11501103168/18.12.2015 |
| | 3 | വരവ് രജിസ്റ്ററിലും ബാങ്കിലും രസീത് തുകയുടെ അഭാവം | | |
| | | 21.06.1999ലെ 55221/25 ടി.ജെ.ജോൺ-ജനനസർട്ടിഫിക്കറ്റിനുള്ള പരതൽ ഫീസ് 21.06.99ൽ വാങ്ങിയത് ബാങ്കിലും വരവ് രജിസ്റ്ററിലും കാണുന്നില്ല | 7 | 11501103169/18.12.2015 |

| | | | | |
|---|---|---|---|---|
| | | 26.02.1999ൽ 55190/29 രസീതിൽ ചാക്കോ മണിമലയുടെ കെട്ടിടനികുതി വാങ്ങിയത് | 69 | 11501103210/22.12.2015 |
| | | 26.02.1999ൽ 55190/20- രസീതിൽ പരമേശ്വരൻ, മണിമലയുടെ കെട്ടിടനികുതി വാങ്ങിയത് | 30 | 11501103211/22.12.2015 |
| | | 09.12.1999ൽ 13076/54 എം.ജെ.മാത്യുവിന്റെ കെട്ടിടനികുതി വാങ്ങിയത് | 35 | 11501103170/18.12.2015 |
| | | 09.12.1999ൽ 13076/55 കെ.എസ്.ഗോപകുമാറിന്റെ കെട്ടിടനികുതി വാങ്ങിയത് | 136 | 11501103212/18.12.2015 |
| | | 27.03.2000ൽ 13107/135 സണ്ണി എബ്രഹാം കെട്ടിടനികുതി വാങ്ങിയത് | 334 | 11501103212/22.12.2015 |
| | 4 | പിരിവുതുകയും ബാങ്കിലടച്ച തുകയും തമ്മിലുള്ള വ്യത്യാസം | | |
| | | 27.2.99ലെ മൊത്തം പിരിവ് 24676/ബാങ്കിലടവ് 24595/ | 81 | 11501103213/22.12.2015 |
| | | ആകെ | 815 | |

| | | | | | |
|---|---|---|---|---|---|
| 2012-13 | 2.4 | 2 | ജിജി എബ്രഹാം യു.പി.എസ്.എ. | 988 | 11501103046/09.12.2015 |
| | | 6 | ജീന സി.കണ്ടത്തിൽ എച്ച്.എസ്.എ. | 2680 | 11501103919/11.02.2016 |
| | | 1 | ഫെഡറൽ ബാങ്ക് | 1725 | 11501400015, 11501102981/05.12.2015 |
| | | 2 | പ്രിയ ക്ലിനിക് | 2570 | 11501102969/04.12.2015 |
| | | 3 | ഡിവൈൻ ഹോസ്പിറ്റൽ | 10000 | 11501103307/31.12.2015 |
| | | 5 | സെന്റ് സേവ്യേഴ്സ് ഹോസ്പിറ്റൽ | 3375 | 11501102987/05.12.2015 |
| | | 6 | സെന്റ് ജോർജ്ജ് ഹോസ്പിറ്റൽ | 10000 | 11501103105, 11501103106, 11501103107/15.12.2015 |
| | | 12 | കൊശമറ്റം ഫിനാൻസ് | 2570 | 11501102963/04.12.2015 |
| | | 1 | വിദ്യാനികേതൻ ഇംഗ്ലീഷ് മീഡിയം സ്കൂൾ | 1654 | 11501103320, 11501103333/31.12.2015 |
| | | 9 | വഞ്ചിപ്പുരയ്ക്കൽ ഫൈനാൻസിയേഴ്സ് 17/110, മാൻവെട്ടം, മേമുറി | 720 | 11501103232/23.12.2015 |
| | | 1 | കടുത്തുരുത്തി അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക് കെ.399 | 2500 | 11201103352/18.03.2013 |
| | | 2 | മാഞ്ഞൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് കെ.73 | 30000 | 11501500028, 29, 30/29.12.2015 |
| | | 3 | ജയരാജ് ടിംബർ ഇൻഡസ്ട്രീസ് (സൈമൺ ജോസഫ് കുന്താമറ്റത്തിൽ, ഉഴവൂർ) | 3240 | 1150110308914/12/2015 |
| | | 15 | ധന്യാ വുഡ് ഇൻഡസ്ട്രീസ് (എ.എൻ.ദിവാകരൻ അരയത്ത്, ഇരവിമംഗലം | 1620 | 11501103088/14.12.2015 |

| | | | | | |
|---|---|---|---|---|---|
| | | 21 | ശിൽപ്പഭംഗി ഫർണീച്ചർ ആൻഡ് വുഡ് ഇൻഡസ്ട്രീസ് (സെയിന്റ് ജൂഡ് ചാരിറ്റബിൾ സൊസൈറ്റി) | 4200 | 11501103255/29.12.2015 |
| | | 2 | കിരൺ അസോസിയേറ്റ്സ്, കുറുപ്പന്തറ | 10000 | 11501103481, 11501103482/15.01.2016 |
| | | 3 | മാതാ ബയോ ഫെർട്ടിലൈസേഴ്സ് (ചാക്കോ തോമസ് പുളിയംപറമ്പിൽ വീട്, മുട്ടുചിറ) | 400 | 11501104057/17.2.2016 |
| | | 4 | വിജയ് റബ്ബർ ട്രേഡേഴ്സ് (ചിന്നമ്മ ജെയിംസ്, മയിലപ്പറമ്പിൽ, കോതനല്ലൂർ) | 300 | 1150110309414/12/2015 |
| | | 6 | ജിത്തു മെഡിക്കൽസ് (ആനിതാ ഗോപി, ചെള്ളാശ്ശേരിൽ, തലയോലപ്പറമ്പ് പി.ഒ. | 150 | 11501103108/15.12.2015 |
| | | 9 | സെന്റ് ജോസഫ് ബേക്കറി (എം.കെ.സിറിയക്, മൂലേപ്പറമ്പിൽ, മേമുറി) | 200 | 11501103222/23.12.2015 |
| | | | ആകെ | 88892 | |
| | | | ഒട്ടാകെ | 89707 | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| പ്രവർത്തനക്ഷമതാ ഓഡിറ്റ് | -- | 2013-14 | 5-3 | വികേന്ദ്രീകൃതാസൂത്രണവും വ്യവസായ തൊഴിൽ സംരഭങ്ങളും | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,32,24,296 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,87,31,003 |
| വരവിനങ്ങളിലുള്ള നഷ്ടം | 6,713 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 52,325 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2-2 | 6,713 | | ശ്രീ.ബി.സാബു |

| | | | |
|---|---|---|---|
| 3-5 | | 2,36,883 | ശ്രീ.സാനിഷ് കെ.ബി., അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 52,325 | ശ്രീമതി സിബി ഏലിയാസ്, ഹെഡ്മിസ്ട്രസ് |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ബി.സാബു, സെക്രട്ടറി | സെക്രട്ടറി, മാഞ്ഞൂർ ഗ്രാമപഞ്ചായത്ത് | ഐശ്വര്യ ഭവൻ, തലയാഴം പി.ഒ.- 686607 |
| ശ്രീ.സാനിഷ് കെ.ബി., അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, മാഞ്ഞൂർ ഗ്രാമപഞ്ചായത്ത് | കൊട്ടാരകത്തിൽ ഹൗസ്, ഇടമറ്റം പി.ഒ., കോട്ടയം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1998-99 (ചെലവ്) | എൽ.എഫ്.കെ.പി.4/542/00/31.3.16 | 2 | |
| 1998-99 | എൽ.എഫ്.കെ.പി.5/1262/07/21.4.08 | - | |
| 2000-01, 01-02 (പ്ലാൻ) | എൽ.എഫ്.കെ.പി.5/542/00/31.3.16 | 1 | |
| 2003-04 | എൽ.എഫ്.കെ.പി.206/08/9.10.09 | - | |
| 2002-03 (ചെലവ്) | എൽ.എഫ്.കെ.പി.5/907/04/9.3.04/8.8.05 | - | |
| 2001-02 | എൽ.എഫ്.കെ.പി4/445/അദ14/26.11.14 | 5 | |
| 2002-03 | എൽ.എഫ്.കെ.പി.4/445/14/12.1.15 | | |
| 2004-05 | എൽ.എഫ്.കെ.പി.4/445/14(1)12.1.15 | | |
| 2006-07 | എൽ.എഫ്.കെ.പി4/445/14(3)/29.1.15 | | |
| 2007-08 | എൽ.എഫ്.കെ.പി.9/1368/2011/1.8.15 | 5 | |
| 2008-09 | എൽ.എഫ്.കെ.പി.9/1388/11/2.9.15 | 5 | |

| | | | |
|---|---|---|---|
| 2009-10&2010-11 | എൽ.എഫ്.കെ.പി.-4/1147/12/23.5.16/15.6.16 | 5 | |
| 2011-12 | എൽ.എഫ്.കെ.പി.4/317/15/20.4.15 | 13 | |
| 2012-13 | എൽ.എഫ്.കെ.പി.4-14/15/1.4.16 | | |
| 2013-14&2014-15 | കെ.എസ്.എ-കെ.ടി.എം.പി4/602/2016/5.9.16 | 12 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.

## അനുബന്ധം 1

### ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-കെ.ടി.എം.പി.4/1937/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം-കോട്ടയം
ഫോൺ: 04812564886
ഇ-മെയിൽ: doktm.ksad@kerala.gov.in
തീയതി: 29.12.2016

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും മാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16ലെ വാർഷിക ധനകാര്യപത്രിക ഞാൻ പരിശോധിച്ചതായി സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിലെ വിവിധ ഖണ്ഡികകളിൽ വിവരിക്കുന്ന അപാകതകൾ ഉള്ളതിനാൽ വാർഷികധനകാര്യസ്റ്റേറ്റ്മെന്റ് മാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന അഭിപ്രായം രേഖപ്പെടുത്താൻ കഴിയുന്നില്ല.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാഓഡിറ്റ് കാര്യാലയം, കോട്ടയം